**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4767** **02-07-2024 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിലെ ആല്ലുംമൂട് ഫിഷ് മാർക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തീരദേശ വികസന കോർപ്പറേഷനെ നിർവ്വഹണ ഏജൻസിയാക്കി ഇളമ്പള്ളൂർ ആല്ലുംമൂട്ടിൽ ഫിഷ് മാർക്കറ്റ് നിർമ്മാണത്തിനായി അനുമതി ലഭിച്ചതെന്നാണെന്നും ആയതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ; | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ നിർവ്വഹണ ഏജൻസിയാക്കി ഇളമ്പള്ളൂർ ആല്ലുംമൂട്ടിൽ ഫിഷ് മാർക്കറ്റ് നിർമ്മാണത്തിനായി കിഫ്ബിയിൽ നിന്നും 167.806 ലക്ഷം രൂപയുടെ ധനാനുമതി 08/02/2022 -ന് ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി നടത്തുന്നതിനായി കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ? | (ബി) | പദ്ധതിയുടെ തുക വായ്പയായി തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിൽ പദ്ധതി നടപ്പാക്കാൻ താൽപ്പര്യമില്ലായെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരുന്നു. എന്നാൽ തുക തിരിച്ചടക്കേണ്ടതില്ലെന്ന് കിഫ്ബിയിൽ നിന്നും പിന്നീട് അറിയിച്ചതിനെ തുടർന്ന് പദ്ധതി നടത്തിപ്പിന് താല്പര്യമുള്ളതായി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. അതനുസരിച്ച് പദ്ധതിയുടെ പ്ലാൻ തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ